**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5647** **08-07-2024 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ കൃത്യവിലോപം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിലെടുത്ത ഓട്ടോറിക്ഷ ഡ്രൈവർ സംശയാസ്പദമായ സാഹചര്യത്തിൽ 14.6.24 ന് പോലീസ് സ്റ്റേഷനിൽ കുഴഞ്ഞുവീണ് മരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | കണ്ണൂർ എടച്ചേരി മുത്തപ്പൻക്കാവിന് സമീപം സംശയാസ്പദമായി കാണപ്പെട്ട ആളിനെ നാട്ടുകാർ തടഞ്ഞുവച്ചിട്ടുള്ളതായി വിവരം ലഭിച്ച പ്രകാരം പോലീസ് സ്ഥലത്ത് ചെന്ന് ടിയാളെ സുരക്ഷിതനാക്കുന്നതിനായി പ്രസ്തുത സ്ഥലത്തുനിന്നും പോലീസ് സ്റ്റേഷനിലേക്ക് കൂട്ടിക്കൊണ്ട് പോകുകയുണ്ടായി. മേൽവിലാസ പരിശോധനയിൽ സൂരജ് തൈക്കണ്ടി എന്നയാളാണെന്ന് വെളിവായി. തുടർ നടപടികൾ സ്വീകരിക്കുന്നതിനിടയിൽ കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ വച്ച് കുഴഞ്ഞ് വീഴുകയുണ്ടായി. ചികിത്സക്കായി കണ്ണൂർ ജില്ലാ ആശുപത്രിയിൽ എത്തിക്കുകയും അടിയന്തിര വൈദ്യ സഹായം നൽകുന്നതിനിടെ മരണപ്പെടുകയും ഉണ്ടായി. ഇത് സംബന്ധിച്ച് കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ Cr.No. 673/24 U/s 174 CrPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും കൃത്യവിലോപം ഉണ്ടായിട്ടുണ്ടോ എന്ന് അന്വേഷിക്കുന്നതിന് കണ്ണൂർ അസിസ്റ്റന്റ് പോലീസ് കമ്മീഷണറെ നിയോഗിച്ചിട്ടുണ്ട്. |
| (ബി) | വൈദ്യ പരിശോധന നടത്താതെ പ്രസ്തുത വ്യക്തിയെ പോലീസ് സ്റ്റേഷനിൽ എത്തിച്ചത് ഏത് സാഹചര്യത്തിൽ ആണെന്ന് വ്യക്തമാക്കുമോ; ഈ കാര്യത്തിൽ കൃത്യവിലോപം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ